# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 504 — 28-02-2017 ലെ മറുപടിക്ക്

**ചോദ്യം** — **മറുപടി**

**ശ്രീ. വി.ഡി.സതീശൻ**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**കേന്ദ്ര ബജറ്റ്- 2017-18**

| | | |
|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് പ്രകാരം സംസ്ഥാനത്ത് 2017-18 ൽ ലഭിക്കുമെന്ന് കരുതാവുന്ന തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വിശദമാക്കുമോ; | 2017-18 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് പ്രകാരം സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതമായി 16891.75 കോടി രൂപയും പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം, സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്കുള്ള ധനസഹായം, റവന്യൂ കമ്മി നികത്തുന്നതിനുള്ള ധനസഹായം എന്നീ ഇനങ്ങളിലായി 3189.36 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. ഇതിനു പുറമെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതവും ലഭ്യമാകുന്നതാണ്. |
| (ബി) | കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2017-18ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം ഓരോ ഇനത്തിലും എത്ര കോടി രൂപ വീതമായിരിക്കുമെന്ന് വിശദമാക്കുമോ; | കേന്ദ്ര നികുതികളിലും ഗ്രാന്റുകളിലും പ്രതീക്ഷിക്കുന്ന കേന്ദ്രസഹായത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വെളിപ്പെടുത്തുന്നതാണ്. |
| (ഡി) | 2017-18ൽ കേന്ദ്ര ബജറ്റിലെ പ്രൊവിഷൻ അനുസരിച്ച് സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന ഗ്രാന്റുകളിലും നികുതികളിലും കുറവുണ്ടാകുന്ന ഇനങ്ങൾ എതെല്ലാമെന്നും വർദ്ധന ഉണ്ടാകാൻ സാദ്ധ്യതയുള്ള ഇനങ്ങൾ ഏതെല്ലാമെന്നും അറിയിക്കുമോ? | |
| (സി) | 2016-17 ൽ സംസ്ഥാനം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നു; അതിൽ കുറവ് വന്നതും കൂടുതൽ ലഭിച്ചതും ഏതെല്ലാം ഇനത്തിൽ എന്ന് വ്യക്തമാക്കുമോ; | 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭക്കണക്കുകൾ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ 9567.59 കോടി രൂപയും വിവിധ ഇനങ്ങളിൽ കേന്ദ്ര ധനസഹായമായി 5347.70 കോടി രൂപയും ലഭ്യമായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പൂർത്തിയായാൽ മാത്രമേ കേന്ദ്ര വിഹിതങ്ങളിലുണ്ടായ കൂടുതൽ കുറവ് സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്താനാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**